# കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്

രണ്ടാം നില, നോർക്ക സെന്റർ ഗവ. ഗസ്റ്റ് ഹൗസിന് സമീപം

തൈക്കാട് പി.ഒ തിരുവനന്തപുരം - 695014

ടെലിഫോൺ: +471 2785500,2785507, ഫാക്സ്: 2785501

E-mail: info@pravasikerala.org www.pravasikerala.org


**ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നടപടിക്രമം**

**(ഹാജർ: ശ്രീമതി. ഗീതാലക്ഷ്മി.എം.ബി)**

ഉത്തരവ് നമ്പർ: KNRKWB/318/2024-S1,തീയതി: 27-11-2024

വിഷയം : കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് – ബോർഡിൻറെ പൊതുജന സമ്പർക്ക പരിപാടികൾ, പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ആവശ്യമായ സേവനങ്ങൾക്കായി Empaneled ഏജൻസികളെ നിശ്ചയിച്ചും, മാനദണ്ഡങ്ങൾ നിർദേശിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. 20.02.2024 ലെ G.O (Ms) No.4/2024/I&PRD നമ്പർ ഉത്തരവ്
2. 22.01.2024 ലെ 45-ാമത് ബോർഡ് യോഗതീരുമാനം നം.11
3. 01.08.2024 ലെ S1-KNRKWB/211/2024 നമ്പർ നോട്ടിഫിക്കേഷൻ

കേരള പ്രവാസി ക്ഷേമ ബോർഡിന്റെ പദ്ധതികളും, ആനുകൂല്യങ്ങളും, കൂടുതൽ പ്രവാസികളിലേക്കു എത്തിക്കുന്ന തരത്തിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി പരസ്യ സ്ഥാപനങ്ങളെ സുതാര്യമായ നടപടിക്രമങ്ങളിലൂടെ ചുമതലപ്പെടുത്തുന്നതിനു പരാമാർശം 2 പ്രകാരം ഡയറക്ടർ ബോർഡ് യോഗം തീരുമാനം കൈക്കൊണ്ടിരുന്നു.

ഈ തീരുമാനവുമായി ബന്ധപ്പെട്ട നടന്ന പരിശോധനയിൽ ബോർഡിന്റെ പൊതുജന സമ്പർക്ക പരിപാടികൾ, പ്രവർത്തനങ്ങൾ എന്നിവയുടെ ഭാഗമായി ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ മുഖാന്തിരം പരസ്യങ്ങൾ, ഡോക്യുമെൻറികൾ മുതലായവ തയ്യാറാക്കി നൽകുന്നതിനും, പ്രിൻറ് മീഡിയ, ആർട്ടിക്കിൾസ്, ഔട്ട്ഡോർ ക്രിയേഷൻസ് തയ്യാറാക്കി നല്കുന്നതിനുമായി പരസ്യ ഏജൻസികളുടെ ഒരു Empaneled list തയ്യാറാക്കാവുന്നതാണെന്നു തീരുമാനിക്കുകയുണ്ടായി. സംസ്ഥാന സർക്കാരിൻറെ Information & Public Relation Department ഈ ആവശ്യത്തിലേക്കായി തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന Empaneled list ൽ ഉൾപ്പെട്ട ഏജൻസികളിൽ നിന്നും/ വ്യക്തികളിൽ നിന്നും താത്പര്യപത്രം ക്ഷണിച്ചുകൊണ്ട് ബോർഡിന്റെ Empaneled list തയ്യാറാക്കാവുന്നതാണെന്നും തീരുമാനിക്കുകയുണ്ടായി.

മേൽ തീരുമാന പ്രകാരം ആയതിലേക്കായി പരാമർശം 1 ഉത്തരവിൽ ഉൾപ്പെടുത്തപ്പെട്ടിട്ടുള്ള ഏജൻസികളിൽ നിന്നും പരാമർശം 3 പ്രകാരം താത്പര്യപത്രം ക്ഷണിച്ചിരുന്നു. ഇപ്രകാരം ബോർഡ് ക്ഷണിച്ച താത്പര്യപത്രത്തിന് I & PRD Empaneled list ൽ ഉൾപ്പെട്ടിട്ടുളളതും അല്ലാത്തതുമായ 13 ഏജൻസി/ വ്യക്തികളിൽ നിന്നുളള താത്പര്യപത്രം ലഭ്യമായി. പരാമർശം 1 ഉത്തരവ് പ്രകാരം വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ Empaneled listൽ ഉൾപ്പെട്ട പരസ്യ ഏജൻസികൾ, വ്യക്തികൾ എല്ലാവരും തന്നെ പബ്ലിക് റിലേഷൻസ് വകുപ്പ് തലത്തിൽ ഒരു തിരഞ്ഞെടുപ്പ് കമ്മിറ്റിയുടെ മൂല്യനിർ ണയത്തിന് വിധേയരാകുകയും, ഈ ഏജൻസികളുടെയും വ്യക്തികളുടെയും പ്രദർ ശനങ്ങൾ ഉൾപ്പെടെയുള്ളവ വിശദമായി പരിശോധിച്ച വകുപ്പ് തല കമ്മിറ്റിയുടെ ശുപാർ ശ കൂടി പരിഗണിചാണ് ഈ പട്ടിക തയ്യാറാക്കപ്പെട്ടിട്ടുള്ളത് എന്നതിനാൽ ബോർഡിലേക്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് മറ്റൊരു പരിശോധനയുടെ ആവശ്യകത ഇല്ല എന്ന് വിലയിരുത്തപ്പെട്ടു.

മേൽ വിവരിച്ച സാഹചര്യത്തിൽ I & PRD യുടെ ഇപ്പോൾ പ്രാബല്യത്തിലുള്ള പരാമർശം 1 ഉത്തരവിൽ ഉൾപ്പെട്ടിട്ടുളള ഏജൻസികൾ/വ്യക്തികൾ എന്നിവർ പ്രവാസി ക്ഷേമ ബോർഡിന് നൽകിയ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ ബോർഡിന്റെതായ Empaneled list തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിനും, ആയതിന് ഒരു വർഷത്തെ പ്രാബല്യം ഉത്തരവ് തീയതി മുതൽ നൽകുന്നതിനും തുടർനടപടികൾക്കായി ചുവടെ ചേർത്തിട്ടുളള വ്യവസ്ഥകൾ/മാനദണ്ഡങ്ങൾ നിശ്ചയിച്ച പ്രസിദ്ധീകരിക്കുന്നതിനും തീരുമാനിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു .

<u>I . KNRKWB Empaneled list ൽ ഉൾപ്പെട്ടിട്ടുളള ഏജൻസികൾ / വ്യക്തികൾ</u>

| **കാറ്റഗറി എ**<br>(ടെലിവിഷൻ/തിയറ്റർ/സോഷ്യൽ മീഡിയ/റേഡിയോ ക്രിയേറ്റീവ്) | **കാറ്റഗറി ബി**<br>(പ്രിൻറ്/ഔട്ട്ഡോർ ക്രിയേഷൻസ്) |
|---|---|
| 1. VINOD V<br>2. SIRAJUDEEN<br>3. SURESH KRISHNA<br>4. IMAGES Ad Filims & Animation Pvt Ltd.<br>5. Moving Craft Creative Studio Pvt Ltd. | 1. D-Ads<br>2. PLAIN SPEAK<br>3. CHAKRA COMMUNICATIONS<br>4. LIMAX |

| | |
|---|---|
| 6. D-Ads | 5. BRIGHT COMMUNICATIONS |

**II. Empaneled സോഷ്യൽമീഡിയ ഏജൻസികൾക്കും വ്യക്തികൾക്കുമുള്ള മാനദണ്ഡങ്ങൾ**

- ബോർഡിന് ആവശ്യമായ സമയത്ത് ആവശ്യമായ സേവനങ്ങൾ നിഷ്പക്ഷമായി നൽകുകയും, ഓരോ ജോലിയും നിശ്ചിത സമയ പരിധിക്കുള്ളിൽ പൂർത്തിയാക്കേണ്ടതുമാണ്.
- ടെലിവിഷൻ/തിയറ്റർ/സോഷ്യൽമീഡിയ/റേഡിയോ എന്നിവയ്ക്കുള്ള കോൺസെപ്റ്റും, സ്റ്റോറി ബോർഡും ഏജൻസി (**വിഭാഗം എ**) സമർപ്പിക്കേണ്ടതാണ്.
- സേവനം ആവശ്യപ്പെടുന്ന മുറയ്ക്ക് ബജറ്റ് നിർദേശം വ്യക്തമായി സീൽ ചെയ്ത കവറിൽ സമർപ്പിക്കണം. ചർച്ചകൾക്കും വിലയിരുത്തലുകൾക്കും ശേഷമാണ് അന്തിമ ഫണ്ട് അനുവദിക്കുക.
- ഉള്ളടക്കം ഉള്ള പോസ്റ്ററുകൾ, ബ്രോഷറുകൾ, പത്രവിജ്ഞാപനങ്ങൾ, ഇൻഫോഗ്രാഫിക്സ് എന്നിവയുടെ ബജറ്റ് പ്രിൻറ്/ഔട്ട്ഡോർ ഏജൻസി (**വിഭാഗം ബി**) വെവ്വേറെ സമർപ്പിക്കേണ്ടതാണ്.
- ഓരോതരം ക്രിയേറ്റീവുകൾക്കും അംഗീകരിച്ച തുക മാത്രമേ അന്തിമമായി അനുവദിക്കുകയുള്ളൂ.
- പാനൽ അംഗങ്ങളുടെ സേവനം ബോർഡ് ആവശ്യപ്പെടുന്ന ഘട്ടങ്ങളിൽ തുടർച്ചയായി തന്നെ നൽകാത്ത പക്ഷം മുന്നറിയിപ്പില്ലാതെ empaneled പട്ടികയിൽ നിന്നും ഒഴിവാക്കപ്പെടും.
- ഏതു ഏജൻസി മുഖാന്തിരം ക്രിയേറ്റീവുകൾ അന്തിമമായി തയ്യാറാക്കപ്പെടണം എന്നുള്ളത് ബോർഡിൻറെ വിവേചന അധികാരത്തിൽ പെടുന്നതായിരിക്കും.

Signed by
Geetha Lekshmi M B
Date: 27-11-2024 17:11:31
**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**

പകർപ്പ്:

1. Empaneled ഏജൻസി/വ്യക്തികൾ
2. മാനേജർ (ഫിനാൻസ്)
3. ബന്ധപ്പെട്ട എല്ലാ സെക്ഷനുകളും
4. CA to Chairman / CEO,

5. ഓഫീസ് കോപ്പി